ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് ഇന്ന് തുടക്കമായി. അദാനി വിഷയത്തിൽ പ്രക്ഷുബ്ധമായി രാജ്യസഭ. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

**The winter session of Parliament started today. The Rajya Sabha witnesed opposition's ruckus on alleged bribery charges against Adani group. Both the houses have been adjourned for the day.**

2. രാജ്യത്തിന്റെ അന്തസ്സ് ഉയർത്തുന്ന വിധത്തിൽ പാർലമെൻറ് ചർച്ചകൾ ഫലപ്രദമായി വിനിയോഗിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi has hoped that the Winter session of Parliament will be productive and filled with constructive debates and discussions. PM was speaking to media ahead of the Parliament Session,**

3. ഐ സി എ ആഗോള സഹകരണ ഉച്ചകോടിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയിൽ നിർവഹിക്കും.

**Prime Minister Narendra Modi to inaugurate Global Cooperative Conference in New Delhi today**

4. ഇന്ത്യയുടെ യുപിഐ-പണമിടപാട് സംവിധാനം അതിവേഗ വളർച്ച കൈവരിക്കുന്നതായി റിസർവ് ബാങ്ക്.

**RBI says, internationalisation of UPI is progressing rapidly as India emerges world leader in leveraging digital technologies for transformative change.**

5. **രാജ്യത്തെ സഹകരണ മേഖലയ്ക്ക് അനുകരണീയ മാതൃകയാണ് കേരള ബാങ്ക് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

**Kerala Bank is a promising example for the cooperative sector across India, says Kerala CM Pinarayi Vijayan.**

6. **പെർത്ത് ക്രിക്കറ്റ് ടെസ്റ്റ് നാലാം ദിനത്തിൽ ഓസ്ട്രേലിയയുടെ ബാറ്റിങ്ങ് പുരോഗമിക്കുന്നു.** **In Border-Gavaskar Trophy Cricket Test at Perth , Australia's batting in progress on the fourth day of the opening match**

************************

## RAJYASABHA

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് ഇന്ന് തുടക്കമായി. അദാനി ഗ്രൂപ്പുമായി ബന്ധപ്പെട്ട കൈക്കൂലി ആരോപണത്തിൽ രാജ്യസഭ ആദ്യ ദിനത്തിൽ തന്നെ പ്രക്ഷുബ്ധമായി. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് 11.45 വരെ നിർത്തിവച്ച രാജ്യസഭ വീണ്ടും ചേർന്നെങ്കിലും പ്രതിപക്ഷം ബഹളം തുടരുകയായിരുന്നു. വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ നിരാകരിച്ചു. രാജ്യസഭാ പ്രതിപക്ഷനേതാവ് മല്ലികാർജുൻ ഖർഗേ അദാനി വിഷയം സഭയിൽ ഉയർത്താൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിന് പ്രസംഗിക്കാൻ അനുമതി ലഭിച്ചില്ല. തുടർന്ന് കോൺഗ്രസ്, ഇടത്, ഡിഎംകെ, ആംആദ്മി അംഗങ്ങൾ സഭയിൽ ശക്തമായ പ്രതിഷേധം ഉയർത്തുകയായിരുന്നു. അന്തരിച്ച എം.പി മാരായ വസന്ത് റാവു ചവാൻ, ഷേഖ് നൂറുൽ ഇസ്ലാം എന്നിവർക്ക് ചരമോപചാരം അർപ്പിച്ചശേഷമാണ് ലോക്സഭ ഇന്നത്തേയ്ക്ക് പിരിഞ്ഞത്. 26 ദിവസം നീളുന്ന ശീതകാല സമ്മേളനത്തിൽ 19 ദിവസമാണ് സഭ സമ്മേളിക്കുന്നത്. ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് നാളെ സഭാസമ്മേളനം ഉണ്ടായിരിക്കില്ല. സംവിധാൻ സദൻറെ സെൻട്രൽ ഹാളിൽ

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ നാളെ നടക്കും.

**********************

## PM PARLIAMENT (INTRO)

ഇന്ത്യയുടെ ആഗോള പ്രശസ്തിയും അന്തസ്സും ഉയർത്താൻ പാർലമെൻ്റിലെ ചർച്ചകൾ ഫലപ്രദമായി വിനിയോഗിക്കണമെന്ന് അംഗങ്ങളോട് അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാർലമെൻ്റിൻ്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടന അംഗീകരിച്ചതിന്റെ 75 -ാം വാർഷികത്തിലേക്ക് കടക്കുന്നത് ഉൾപ്പടെ നിരവധി കാരണങ്ങളാൽ ഇത്തവണത്തെ ശീതകാല സമ്മേളനം പ്രത്യേകതയുള്ളതാണെന്ന് ശ്രീ മോദി പറഞ്ഞു.

( വോയ്സ് )

സഭയിൽ അരാജകത്വം സൃഷ്ടിച്ച് പാർലമെൻ്റിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന ആളുകൾ പൊതുജനങ്ങളാൽ തിരസ്കരിക്കപ്പെടുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**********************

## LS OUTSIDE

വഖഫ് ഭേദഗതി ബിൽ, 2024 പരിശോധിക്കുന്ന പാർലമെൻറ് സംയുക്ത സമിതി അംഗങ്ങളായ പ്രതിപക്ഷ എംപിമാർ ഇന്ന് ലോക്സഭാ സ്പീക്കർ ഓം ബിർളയുമായി കൂടിക്കാഴ്ച നടത്തി. വിഷയത്തിൽ തിടുക്കത്തിൽ റിപ്പോർട്ട് നൽകാനാകില്ലെന്നും സമിതി ചെയർമാൻ പ്രതിപക്ഷ അംഗങ്ങളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കുന്നില്ലെന്നും സംഘം ലോക്സഭാ സ്പീക്കറെ അറിയിച്ചു. പ്രതിപക്ഷ അംഗങ്ങളുടെ അഭിപ്രായങ്ങളെ മാനിക്കുന്നതായി പറഞ്ഞ ശ്രീ ഓം ബിർള റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയപരിധി നീട്ടുമെന്ന് ഉറപ്പുനൽകിയതായി തൃണമൂൽ കോൺഗ്രസ് എം.പി കല്യാൺ ബാനർജി മാധ്യമങ്ങളെ അറിയിച്ചു.

**********************

## PM – COOPERATIVE CONFERENCE

ഐ സി എ ആഗോള സഹകരണ ഉച്ചകോടിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നിർവഹിക്കും. അന്താരാഷ്ട്ര സഹകരണ സഖ്യം രൂപീകരിച്ച് 130 വർഷത്തിനിടെ, ഇത് ആദ്യമായാണ് ഉച്ചകോടിക്ക് ഇന്ത്യ വേദിയാകുന്നത്. 2025 അന്താരാഷ്ട്ര സഹകരണ വർഷത്തോട് അനുബന്ധിച്ചുള്ള അനുസ്മരണ സ്റ്റാമ്പും ചടങ്ങിൽ പ്രധാനമന്ത്രി പുറത്തിറക്കും. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് തോബ്ഗേ, ഫിജി ഉപപ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുക്കും. ലോകമെമ്പാടുമുള്ള മൂന്ന് ലക്ഷത്തിലേറെ സഹകരണ സ്ഥാപനങ്ങളെയാണ് ഐ.സി.എ പ്രതിനിധീകരിക്കുന്നത്. ആറ് ദിവസത്തെ ഉച്ചകോടിയിൽ വിദേശ രാജ്യങ്ങളിൽ നിന്നടക്കം 3,000 പ്രതിനിധികൾ പങ്കെടുക്കും. സമ്പദ് സമൃദ്ധവും, സമാധാനപരവുമായ ഭാവിയിൽ സഹകരണ പ്രസ്ഥാനത്തിനുള്ള പങ്ക് എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് ഉച്ചകോടിയിൽ ചർച്ചകൾ നടക്കുക.

**********************

## SHAH – COOPERATIVE MOVEMENT

സഹകരണ പ്രസ്ഥാനങ്ങളിൽ ആഗോള നേതൃനിരയിലേക്ക് ഇന്ത്യ ഉയർന്നതായി കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ. 'സഹകാർ സേ സമൃദ്ധി' എന്ന നയത്തിലൂടെ രാജ്യത്തെ സഹകരണ സ്ഥാപനങ്ങളെ സ്വാശ്രയവും കരുത്തുറ്റതുമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ദേശീയ ദിനപത്രത്തിൽ എഴുതിയ ലേഖനത്തിൽ അദ്ദേഹം വ്യക്തമാക്കി. സാമ്പത്തിക ഉൾപ്പെടുത്തൽ, ദാരിദ്ര്യ നിർമാർജനം, ലിംഗസമത്വം ഉറപ്പാക്കൽ, ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കൽ എന്നിവയിൽ ഇന്ത്യയുടെ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ആഗോള

വേദിയായി രാജ്യാന്തര സഹകരണ സഖ്യത്തിന്റെ പൊതു സമ്മേളനം മാറുമെന്നും അദ്ദേഹം പറഞ്ഞു.

***********************

## SAMVIDHAN–PADYATRA

ഭരണഘടനാ ദിനത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ ഇന്ന് നടന്ന ഹമാര സംവിധാൻ ഹമാര സ്വാഭിമാൻ പദയാത്രയിൽ കേന്ദ്ര യുവജനകാര്യ കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുത്തു. രാജ്യത്തിൻറെ ജനാധിപത്യ യാത്രയിലെ സുപ്രധാന നാഴികകല്ലായി അടയാളപ്പെടുത്തുന്ന ഇന്ത്യൻ ഭരണഘടനയുടെ അംഗീകാരം ആഘോഷിക്കുന്നതിനാണ് പദയാത്ര സംഘടിപ്പിച്ചത് .കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, അർജുൻ റാം മേഘ്‌വാൾ, കിരൺ റിജിജു, ഗജേന്ദ്ര സിംഗ് ഷെഖാവത്, രക്ഷാ ഖഡ്‌സെ, പാർലമെൻ്റ് അംഗങ്ങൾ , ഒളിപ്യൻമാർ തുടങ്ങിയവർ പദയാത്രയിൽ പങ്കെടുത്തു. ഭരണഘടനാ ദിനത്തോട് അനുബന്ധിച്ച് വിപുലമായ പരിപാടികളാണ് രാജ്യത്ത് നാളെ സംഘടിപ്പിച്ചിരിക്കുന്നത്.

***********************

## PRESIDENT VISIT – TAMIL NADU

രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ തമിഴ്നാട്ടിലെത്തും. ഊട്ടിയിലെ വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിൽ വ്യാഴാഴ്ച നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നീലഗിരിയിൽ ഗോത്രവർഗ വിഭാഗങ്ങളുമായി വെള്ളിയാഴ്ച ശ്രീമതി മുർമു സംവദിക്കും. തിരുവാരൂരിലെ തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിനെ ശനിയാഴ്ച രാഷ്ട്രപതി അഭിസംബോധന ചെയ്യും.

***********************

## JAISHANKAR-ITALY ( INTRO)

ഇന്ത്യയുടെ പ്രധാന പങ്കാളിത്ത രാജ്യമായ ഇറ്റലിയെ, യൂറോപ്പിലെ നിർണായക സഖ്യകക്ഷിയായാണ് ഇന്ത്യ കരുതുന്നതെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. റോമിലെ ഇന്ത്യൻ എംബസിയുടെ പുതിയ ചാൻസറി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകവീക്ഷണങ്ങളിൽ ഏറെ സമാനതയുള്ള ഇരുരാജ്യങ്ങളും , ആഗോളവും പ്രാദേശികവുമായ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിൽ ഒരുമ പുലർത്തുന്നതായും വിദേശകാര്യമന്ത്രി അഭിപ്രായപ്പെട്ടു.

(വോയ്സ് )

ഇറ്റലി സന്ദർശനവേളയിൽ ഫിഗ്ഗിയിൽ നടക്കുന്ന ജി 7 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ ശ്രീ ജയശങ്കർ പങ്കെടുക്കും. റോമിൽ നടക്കുന്ന MED മെഡിറ്ററേനിയൻ ഡയലോഗിൻ്റെ പത്താമത് പതിപ്പിനെയും വിദേശകാര്യമന്ത്രി അഭിസംബോധന ചെയ്യും.

**********************

## KERALA BANK - CM

രാജ്യത്തെ സഹകരണ മേഖലയ്ക്ക് ആനുകരണീയ മാതൃകയാണ് കേരള ബാങ്ക് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിലെ രണ്ടാമത്തെ ഷെഡ്യൂൾഡ് ബാങ്കായി കേരള ബാങ്കിന് മാറാനായെന്നും അഞ്ചു വർഷത്തിൽ ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കാനായെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂരിൽ കേരള ബാങ്ക് വാർഷിക കർമ്മ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ കാർഷിക മേഖലയിൽ കാര്യക്ഷമമായി ഇടപെടുന്ന ബാങ്കാണ് കേരള ബാങ്കെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

**********************

## RBI

ഇന്ത്യയുടെ യുപിഐ-പണമിടപാട് സംവിധാനം അതിവേഗം വളർച്ച കൈവരിക്കുന്നതായി റിസർവ് ബാങ്ക്. കഴിഞ്ഞമാസം മാത്രം 16.6 ബില്യൺ പണമിടപാടുകളാണ് യുപിഐ വഴി നടന്നത്. ഒരു മൊബൈൽ ആപ്പ് വഴി വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പണമിടപാട് നടത്താൻ കഴിയുന്നത് യു.പി.ഐയുടെ ഗുണവശങ്ങളിൽ ഒന്നാണ്. ഡിജിറ്റൽ പണമിടപാട് രംഗത്ത് രാജ്യം മുൻനിരയിലെത്തിയതായും ആർ.ബി.ഐ വ്യക്തമാക്കി.

**********************

## IFFI

55-ാമത് ഗോവ രാജ്യാന്തര ചലച്ചിത്രമേളയിൽ ഇന്ന് പ്രദർശിപ്പിക്കുന്നത് 75 ചിത്രങ്ങൾ. മേളയുടെ അഞ്ചാം ദിനത്തിൽ മികച്ച പ്രതികരണമാണ്, ചലച്ചിത്രപ്രേമികളിൽ നിന്നും, സിനിമാമേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും ലഭിക്കുന്നത്. ഐ ആം നെവൻക, ഹോളി കൗ, വേവ്സ് തുടങ്ങിയ ചിത്രങ്ങൾ മത്സരവിഭാഗത്തിൽ ഇന്ന് പ്രദർശിപ്പിക്കുന്നുണ്ട്.

**********************

## CRICKET – IND VS AUS

പെർത്തിൽ നടക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫിയുടെ ആദ്യ ടെസ്റ്റിൻ്റെ നാലാം ദിനത്തിൽ ഓസ്ട്രേലിയയുടെ രണ്ടാം ഇന്നിങ്സ് ബാറ്റിങ് പുരോഗമിക്കുന്നു. 534 റൺസ് വിജയലക്ഷ്യം പിന്തുടരുന്ന ഓസ്ട്രേലിയ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യയ്ക്കെതിരെ 9 വിക്കറ്റ് നഷ്ടത്തിൽ 227റൺസ് എന്ന നിലയിലാണ്. മത്സരം ജയിക്കാൻ ആതിഥേയർക്ക് 307 റൺസ് കൂടി ആവശ്യമാണ്. 3 വിക്കറ്റിന് 12 റൺസ് എന്ന സ്കോറിൽ നിന്നാണ് ഓസീസ് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിച്ചത് .

**********************

## IPL AUCTION

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ ചരിത്രത്തിലെ ഏറ്റവും വിലപിടിപ്പുള്ള കളിക്കാരായി റിഷഭ് പന്തും ശ്രേയസ് അയ്യരും. സൗദി അറേബ്യയിൽ നടക്കുന്ന ഐപിഎൽ മെഗാ ലേലത്തിന്റെ ആദ്യ ദിനത്തിൽ, വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ ഋഷഭ് പന്തിനെ 27 കോടി രൂപയ്ക്ക് ലഖ്നൗ സൂപ്പർ ജയന്റ്സ് സ്വന്തമാക്കി. ഐപിഎൽ ജേതാവായ ക്യാപ്റ്റൻ ശ്രേയസ് അയ്യരെ 26.75 കോടി രൂപയ്ക്ക് പഞ്ചാബ് കിംഗ്സ് സ്വന്തമാക്കി. രണ്ടാംദിനമായ ഇന്ന് ലേലം പൂർത്തിയാകും.

***********************

## JHARKHAND-GOVT FORMATION

ഝാർഖണ്ഡിൽ ജെഎംഎം നേതാവ് ഹേമന്ദ് സോറേൻ സർക്കാർ ഈ മാസം 28 ന് സത്യപ്രതിജ്ഞ ചെയ്യും. റാഞ്ചിയിൽ ഗവർണറെ കണ്ട് സർക്കാർ രുപീകരണത്തിന് അവകാശവാദം ഉന്നയിച്ച ശേഷമാണ് ശ്രീ ഹേമന്ത് സൊറേൻ ഇക്കാര്യം അറിയിച്ചത്. ഐ.എൻ.ഡി.ഐ.എ മുന്നണിയുടെ ഭാഗമായ 56 നിയുക്ത എം എൽ എ മാരുടെ പിന്തുണക്കത്തും അദ്ദേഹം ഗവർണർക്ക് കൈമാറി. ജാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിൽ 81 ൽ 56 സീറ്റ് നേടിയാണ് ശ്രീ ഹേമന്ദ് സോറേൻ തുടർഭരണം ഉറപ്പിച്ചത്.

*********************************************************************